# ആയുർവേദഭൂഷണം തൃക്കോവിൽ കുഞ്ചുവാരിയർ

**ഡോ. ഷിനിത പി. വി.**
അസി. പ്രൊഫസർ, സിദ്ധാന്തസംഹിത, വിഭാഗം
വി. പി. എസ്.വി. ആയുർവേദ കോളേജ്, കോട്ടയ്ക്കൽ

ആയുർവേദശാസ്ത്രത്തിന് മികവുറ്റ സംഭാവനകൾ നൽകിയ ഒരു കുടുംബമാണ്, തൃക്കോവിൽ വാരിയം. ആ മഹിതമായ പാരമ്പര്യം തൃക്കോവിൽ ഉഴുത്രവാരിയരിൽ നിന്ന് ആരംഭിയ്ക്കുന്നു. അഷ്ടവൈദ്യൻ തൈക്കാട് ഇട്ടീരി മൂസ്സിന്റെ ശിഷ്യനായിരുന്ന അദ്ദേഹം ഗുരുനിർദ്ദേശമനുസരിച്ചാണ് തൃപ്പൂണിത്തുറ എത്തുന്നത്. ഒരു കൊച്ചി രാജകുടുംബാംഗത്തിന്റെ ചികിത്സയ്ക്ക് വേണ്ടിയായിരുന്നു ആ സന്ദർശനം. പ്രീതിപ്പെട്ട തമ്പുരാൻ വാരിയരെ അവിടെത്തന്നെ താമസിക്കുവാൻ പ്രേരിപ്പിക്കുകയായിരുന്നു. ചികിത്സ മാത്രമല്ല, അധ്യാപനം, ഗ്രന്ഥപ്രസാധനം തുടങ്ങി പല മേഖലകളിലും ഉഴുത്രവാരിയർ എണ്ണപ്പെട്ട സംഭാവനകൾ ചെയ്തു. അറിവ് തേടിവന്ന മറ്റുള്ളവരെ എന്നപോലെ കുടുംബത്തിലെ അനുഗാമികളേയും ഉഴുത്രവാരിയർ വൈദ്യം പഠിപ്പിച്ചു.

രാമവാരിയർ, അച്യുതവാരിയർ, കുഞ്ഞൻ വാരിയർ എന്നിങ്ങനെ പല അനന്തരവന്മാരേയും അദ്ദേഹം വൈദ്യത്തിലേക്ക് നയിച്ചു. ഇക്കൂട്ടത്തിൽ അധികമൊന്നും രേഖപ്പെടുത്താതെപോയ ഒരു വ്യക്തിത്വമാണ്, തൃക്കോവിൽ കുഞ്ചുവാരിയരുടേത്. ലഭ്യമായ വിവരങ്ങൾവെച്ച് അദ്ദേഹത്തെ കുറിയ്ക്കാനാണ് ഈ ലേഖനത്തിന്റെ ഉദ്യമം.

കിള്ളിമംഗലം പനങ്ങാട്ട് വാരിയത്തെ വൈദ്യൻ കൃഷ്ണവാരിയരുടേയും ശ്രീദേവി വാരസ്യാരുടേയും പുത്രനായി 1908 ഫെബ്രുവരി 25 നാണ് കുഞ്ചുവാരിയരുടെ ജനനം. തൃക്കോവിൽ ഉഴുത്രവാരിയരുടെ അനന്തരവളായിരുന്നു, ശ്രീദേവി വാരസ്യാർ. കുഞ്ചുവാരിയരെ ഔപചാരികമായി നാമകരണം ചെയ്തത് ഉഴുത്രൻ രുദ്രൻ എന്നാണത്രെ. പിന്നീട് വിളിപ്പേർതന്നെ ഔദ്യോഗികമായിത്തീർന്നു. കുഞ്ചുവാര്യരുടെ ആദ്യഗുരു സ്വന്തം പിതാവ് തന്നെയായിരുന്നു. തുടർന്ന് വല്യമ്മാവനായ ഉഴുത്ര വാരിയരിൽനിന്നാണ് പഠനം. അക്കാലത്ത് തൃപ്പൂണിത്തുറ സംസ്കൃത

കോളേജിൽ ആയുർവേദ കോഴ്സും തുടങ്ങിയിരുന്നു, ശാസ്ത്രഭൂഷണം എന്ന ആ കോഴ്സിന്റെ കീഴിൽ ന്യായം, സാഹിത്യം, വ്യാകരണം, ആയുർവേദം എന്നീ വിഭാഗങ്ങളുണ്ടായിരുന്നു. അങ്ങിനെ മാതുലന്റെ ശിക്ഷണത്തോടൊപ്പംതന്നെ ഔപചാരികമായ പഠനവും നടന്നു. 1928 ൽ ആയുർവേദഭൂഷണം കൈവരിച്ചത്, ഉയർന്ന ഉദ്യോഗം നേടുവാനും മറ്റും സഹായകമായി.[1]

പഠനശേഷം വല്യമ്മാവന്റെകൂടെക്കൂടി, ചികിത്സകളിൽ സഹായിച്ചുപോന്നു. അതോടൊപ്പം താർക്കികതിലകൻ പണ്ഡിതരാജൻ മാന്തിട്ട കുഞ്ചു നമ്പൂതിരിയുടെ ശിഷ്യത്വത്തിൽ ന്യായശാസ്ത്രവും പഠിച്ചു. വിഷവൈദ്യമാണ് കുഞ്ചുവാര്യർ പഠിച്ച മറ്റൊരു വിഷയം. പിന്നീട് കൊച്ചി മഹാരാജാവായിത്തീർന്ന മിടുക്കൻ തമ്പുരാൻ എന്നറിയപ്പെട്ടിരുന്ന, കേരളവർമ്മയായിരുന്നു, ഗുരു[2]. ഈ യോഗ്യതകളെല്ലാം തന്നെ കൊച്ചി സർക്കാരിന്റെ നാട്ടുചികിത്സാ വകുപ്പിൽ ജോലി ലഭിയ്ക്കുവാൻ സഹായകരമായി. എളംകുന്നപ്പുഴ, തത്തമംഗലം, മട്ടാഞ്ചേരി സർക്കാർ വൈദ്യശാലകളിൽ അദ്ദേഹം ചികിത്സകനായി പ്രവർത്തിച്ചു.

1956 ൽ കേരളം രൂപീകരിച്ചപ്പോൾ അദ്ദേഹം സംസ്ഥാനസർവ്വീസിന്റെ ഭാഗമായി. മലബാർ മേഖലയിൽ പാലക്കാട് മുതൽ കാസറഗോഡ് വരെയുള്ള സ്ഥലങ്ങളിൽ സർക്കാർ ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങുന്നതിനുള്ള സ്ഥലം കണ്ടെത്താനും മറ്റു മുന്നൊരുക്കങ്ങൾക്കുമായി കുഞ്ചുവാരിയർ നിയോഗിക്കപ്പെട്ടിരുന്നു. കൊച്ചിയിലെ ആദ്യ സർക്കാർ ആശുപത്രിയായ ശ്രീ രാമവർമ്മ സെൻട്രൽ ആയുർവേദ ആശുപത്രിയിൽ അദ്ദേഹം ചീഫ് ഫിസിഷ്യനായും സേവനമനുഷ്ഠിച്ചു. ഈ സ്ഥാനത്തിരുന്നുകൊണ്ട് 1962 സെപ്തംബർ 23ന് സർവ്വീസിൽ നിന്ന് വിരമിച്ചു.

ഷൊർണൂർ പാണ്ടത്ത് കുഞ്ഞിക്കുട്ടിയമ്മയാണ് കുഞ്ചുവാര്യരുടെ ഭാര്യ. അവർക്ക് ഏഴ് മക്കളുണ്ടായി. വൈദ്യപാരമ്പര്യത്തിന് പക്ഷെ തുടർച്ചയുണ്ടായില്ല.

സർക്കാർ സർവ്വീസിന് ശേഷം കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസിയിലാണ്, അദ്ദേഹം സേവനമനുഷ്ഠിച്ചത്. കോയമ്പത്തൂർ, കോട്ടയം

ബ്രാഞ്ചുകളിൽ ചികിത്സകനായിരുന്നു. അതിനിടെ ചെറിയൊരു കാലം കോട്ടയ്ക്കൽ ആര്യവൈദ്യശാലയിലും പ്രവർത്തിച്ചിരുന്നു. അന്നത്തെ മാനേജിംഗ് ട്രസ്റ്റ് ഡോ. പി. കെ. വാരിയരുടെ നിർദ്ദേശപ്രകാരം ആയുർവേദ കോളേജിലെ ലൈബ്രറി വിപുലപ്പെടുത്തി സുസ്സജ്ജമാക്കി യത് കുഞ്ചുവാരിയർ ആയിരുന്നത്രെ.

1985 ൽ എഴുപത്തേഴാം വയസ്സിലാണ് അദ്ദേഹം ദിവംഗതനായത്.

സർക്കാർ സർവ്വീസിൽനിന്നും വിരമിച്ചശേഷമാണ് എഴുത്തിൽ ശ്രദ്ധിക്കുവാൻ അദ്ദേഹത്തിന് സമയം കിട്ടിയത്. എന്തൊക്കെ എഴുതി പ്രസിദ്ധീകരിച്ചു എന്ന കാര്യങ്ങൾ പൂർണ്ണമായി അറിയില്ല. വിഷവൈദ്യ ഗ്രന്ഥങ്ങളായ ഉഡ്ഢീശം, ലക്ഷണാമൃതം എന്നിവയ്ക്ക് വ്യാഖ്യാനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് കേൾക്കുന്നു.

ഏറ്റവും ശ്രദ്ധേയമായ രചന അഷ്ടാംഗസംഗ്രഹത്തിന് മലയാള ത്തിൽ രചിച്ച അർത്ഥപ്രകാശിക എന്ന വ്യാഖ്യാനമാണ്.[3] ഇന്ദുവിന്റെ ശശിലേഖാ വ്യാഖ്യാനത്തെ അവലംബിച്ചാണ് ഇത് എഴുതിയത് എന്ന സൂചന നൽകുന്നുണ്ട്. സൂത്രസ്ഥാനം സമാപിയ്ക്കുമ്പോൾ

*ഇതി നാനാർത്ഥസമ്പുഷ്ടം വാഗ്ഭടാര്യോക്തിസംഗ്രഹം*
*ഇന്ദുപ്രകാശിതം കിഞ്ചിത് ഭാഷയാ വിവൃതം മയാ*

എന്ന് രേഖപ്പെടുത്തുന്നു.

തുടക്കത്തിൽത്തന്നെ തൃപ്പൂണിത്തുറ പൂർണ്ണത്രയീശനും സ്വന്തം പരദേ വതയായ ചുടുവാലത്തൂരപ്പനും സ്തുതി ചെയ്യുന്നുണ്ട്.

*വന്ദേരവിന്ദനയനം ഭോഗിഭോഗസ്ഥിതം ഹരിം*
*പൂർണവേദപുരീനാഥം പൂർണവേദസ്വരൂപിണം*
*ധ്യായാമി ശങ്കരം നിത്യം ശശിലേഖാധരം വിഭും*
*വൈദ്യനാഥമുമായുക്തം ചുടുവാലപുരസ്ഥിതം*

വിഷവൈദ്യത്തിലെ ഗുരുനാഥനായ മിടുക്കൻ തമ്പുരാനെയും ഒപ്പം സ്മരി ക്കുന്നു.

*ഗോശ്രീപതി : കേരളവർമ്മനാമാ*
*നരേന്ദ്രമുഖ്യ: ശ്രിതപാരിജാതഃ*
*ഗുരുർമമേമം സഫലീകരോതു*
*യത്നം മഹാർഹം കരുണാകടാക്ഷൈഃ*

മറ്റൊരു വ്യാഖ്യാനം കുഞ്ചുവാരിയർ രചിച്ചത് ധന്വന്തരീപഞ്ചാശിക എന്ന സ്തോത്രകാവ്യത്തിനാണ്. മച്ചാട്ട് ഇളയത് രചിച്ച ഈ സ്തോത്രത്തിന് സംസ്കൃതവ്യാഖ്യാനത്തോടൊപ്പം തന്നെ മലയാളത്തിലുള്ള സാമാന്യാർത്ഥവും ചേർത്തിട്ടുണ്ട്[4]. ഈ രണ്ടു രചനകളും അപ്രകാശിതമാണ്. ഇവയുടെ കയ്യെഴുത്തു പ്രതികൾ 2026 ജൂലൈ 16 ന് നടന്ന ചടങ്ങിൽ വെച്ച് കോട്ടയ്ക്കൽ ആയുർവേദ കോളേജിലെ സിദ്ധാന്ത-സംഹിതാ വിഭാഗത്തിന് കുടുംബാംഗങ്ങൾ കൈമാറി.

ഔപചാരികമായും പാരമ്പര്യരീതിയിലും വൈദ്യം പഠിച്ച തൃക്കോവിൽ കുഞ്ചുവാരിയർ ചികിത്സാവൃത്തിയോടൊപ്പംതന്നെ ശാസ്ത്രത്തിന്റെ പഠനത്തിനും പ്രചാരത്തിനും വേണ്ടി പ്രയത്നിച്ചു.

**കുറിപ്പുകൾ**

[1]1923 ൽ തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ ഔപചാരികമായി ആയുർവേദ കോഴ്സ് തുടങ്ങി. തൃക്കോവിൽ ഉഴുത്ര വാരിയർ തന്നെയായിരുന്നു അധ്യാപകൻ. പ്രായോഗികപഠനത്തിന് വേണ്ട സൗകര്യമുണ്ടായിരുന്നില്ല, എന്ന പരിമിതിയുണ്ടായിരുന്നു. പഠിതാക്കളിൽ പലരും കോളേജ് സമയം കഴിഞ്ഞ് ഉഴുത്രവാരിയരുടെ വസതിയിൽ വന്ന് അദ്ദേഹത്തിന്റെ ചികിത്സാവൃത്തി നിരീക്ഷിച്ചാണ് ഇതിന് പരിഹാരമുണ്ടാക്കിയത്.

[2]കേരളവർമ്മ കൊച്ചുണ്ണിതമ്പുരാൻ (1863-1943) എന്നാണ് മിടുക്കൻ തമ്പുരാന്റെ മുഴുവൻ പേര് ചെറുപ്പത്തിൽത്തന്നെ ഇദ്ദേഹം കൊക്കര നമ്പൂതിരിയിൽ നിന്ന് വിഷചികിത്സ പഠിച്ചു. ജ്യേഷ്ഠനായ രാമവർമ്മ (1914-1932 കാലത്ത് രാജാവായിരുന്ന മദിരാശി തീപ്പെട്ട തമ്പുരാൻ)യും വിഷവൈദ്യനായിരുന്നു. മിടുക്കൻ തമ്പുരാൻ ഇളയരാജാവായപ്പോൾ ആയുർവേദത്തിന് വേണ്ടി ഭരണത്തിൽ സ്വാധീനം ചെലുത്തി. വിഷവൈദ്യ കോഴ്സ്, തൃശ്ശൂരിലെ ആയുർവേദാശുപത്രി, ഔഷധിയ്ക്ക് തുടക്കമായ ഔഷധ നിർമ്മാണശാല എന്നിവയൊക്കെ ഇദ്ദേഹത്തിന്റെ ഉദ്യമങ്ങളാണ്.

[3]അഷ്ടാംഗഹൃദയമാണ് കേരളത്തിലെ ആയുർവേദപഠനത്തിന്റെ അടിസ്ഥാന പുസ്തകമെങ്കിലും ഉപരിഗ്രന്ഥമെന്ന നിലയിൽ അഷ്ടാംഗസംഗ്രഹത്തിനും പ്രാധാന്യമുണ്ടായിരുന്നു. തൃക്കോവിൽ ഉഴുത്രവാരിയരാണ്, അഷ്ടാംഗസംഗ്രഹം തൃപ്പൂണിത്തുറ കോവിലകം ഗ്രന്ഥപ്പുരയിൽ

നിന്നും കണ്ടെടുത്ത് പ്രസിദ്ധീകരിക്കുന്നത് എന്നത് സ്മരണീയമാണ്. ശശിലേഖ വ്യാഖ്യാനത്തോടെയുള്ളതായിരുന്നു, ഇത് 1914 ലാണ് തൃശ്ശൂർ ഭാരതവിലാസം പ്രസ്സിൽ നിന്ന് പ്രസിദ്ധീകരിക്കുന്നത്. വല്യമ്മാവന്റെ പരിശ്രമം തന്നെയാകണം, കുഞ്ചുവാരിയർക്കും അഷ്ടാംഗസംഗ്രഹം പഠിയ്ക്കാനും വ്യാഖ്യാനമെഴുതാനും പ്രേരണയായത്.

[4]വിദ്വാൻ മച്ചാട്ട് നാരായണൻ ഇളയത് (1750-1843) കവിയും ജ്യോതിഷപണ്ഡിതനുമായിരുന്നു. വടക്കാഞ്ചേരിയ്ക്കടുത്ത് മച്ചാട്ട് ആണ് ജന്മദേശം. ജാതകാദേശരത്നം, മച്ചാട്ട് ഭാഷ, പാർവതീസ്വയംവരം, കല്യാണസൗഗന്ധികം, രാമായണംയമകകാവ്യം എന്നിവയാണ് പ്രധാനകൃതികൾ. കൈകൊട്ടിപ്പാട്ടുകൾ രചിച്ച് ആ കലയെ വളർത്തുന്നതിൽ അദ്ദേഹം മുഖ്യപങ്ക് വഹിച്ചു. ധാന്യമുഖാലയേശശതകം ധാന്വന്തരിയെ സ്തുതിക്കുന്ന നൂറ് ശ്ലോകങ്ങളാണ്. ധന്വന്തരീസ്തോത്രപഞ്ചാശിക അമ്പത് ശ്ലോകങ്ങളുള്ള സ്തുതിയും.




ആയുർവേദഭൂഷണം കുഞ്ചുവാര്യരുടെ ഗ്രന്ഥശേഖരവും ഛായാചിത്രവും മുതിർന്ന കുടുംബാംഗങ്ങൾ, പ്രിൻസിപ്പാൾ ഡോ. കെ. കെ. ബിന്ദുവിന് കൈമാറുന്നു. ഡോ. കെ. മുരളീധരൻ (അഡീഷണൽ ചീഫ് ഫിസിഷ്യൻ, ആര്യവൈദ്യശാല)
ഡോ. എം. വി. വിനോദ് കുമാർ (പ്രൊഫസർ, സിദ്ധാന്ത-സംഹിത വിഭാഗം) ഡോ. ടി. എസ്. മുരളി (മുൻ മേധാവി, ആർ & ഡി വിഭാഗം, ആര്യവൈദ്യശാല)എന്നിവരേയും കാണാം.